ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 25.11.2024 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. പാർലമെൻറിന്റെ ശീതകാല സമ്മേളനത്തിന് ഇന്ന് തുടക്കം. പ്രിയങ്കാ ഗാന്ധി ഉൾപ്പെടെ പുതിയ അംഗങ്ങൾ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും.

**The winter session of Parliament begins today. New members, including Priyanka Gandhi, will take oath today.**

2. ഐ സി എ യുടെ അന്താരാഷ്ട്ര സഹകരണ സമ്മേളനം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

**Prime Minister Narendra Modi will inaugurate the ICA Global Cooperative Conference in New Delhi today.**

3. കേന്ദ്ര വിദേശകാര്യ മന്ത്രി എസ് ജയശങ്കറിൻറെ ഇറ്റലി സന്ദർശനം പുരഗമിക്കുന്നു. യൂറോപ്പിലെ നിർണായക സഖ്യകക്ഷിയാണ് ഇറ്റലിയെന്ന് വിദേശകാര്യ മന്ത്രി.

**External Affairs Minister S Jaishankar's Italy visit is progressing. The External Affairs Minister said that Italy is a crucial ally in Europe.**

4. ഇന്ന് സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള അന്താരാഷ്ട്ര ദിനം. 'അബ് കോയി ബഹാന നഹി' പ്രചാരണ പരിപാടിക്ക് കേന്ദ്ര സർക്കാർ ഇന്ന് തുടക്കം കുറിക്കും.

**Today marks International Day for the Elimination of Violence against Women. Union Government will launch a national campaign Ab Koi Bahana Nahi in New Delhi today**

5. **കേരള ബാങ്കിന്റെ വാർഷികത്തോടനുബന്ധിച്ചുള്ള കർമ്മപദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് ഉദ്ഘാടനം ചെയ്യും.**

**Chief Minister Pinarayi Vijayan will inaugurate the Kerala Bank's annual event today.**

6. **ഇന്ത്യ- ഓസ്ട്രേലിയ ക്രിക്കറ്റ് ടെസ്റ്റിൻറെ നാലാം ദിനം വിജയം ഉറപ്പിക്കാൻ ഇന്ത്യ.**

**In Cricket, Team India will aim to clinch the opening test match on fourth day of Border Gavaskar Trophy against Australia today.**

**&&&&&&&&&&&&&&&**

## PARLIAMENT (INTRO)

പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് ഇന്ന് തുടക്കം. 19 സിറ്റിംഗുകളാണ് ഇത്തവണയുള്ളത്. അതേസമയം, ഭരണഘടനാ ദിനത്തോട് അനുബന്ധിച്ച് നാളെ സഭാ സമ്മേളനം ഒഴിവാക്കിയിട്ടുണ്ട്. ഭരണഘടനാ ദിനത്തോട് അനുബന്ധിച്ചുള്ള പ്രധാന ചടങ്ങ് പാർലമെന്റിലെ സെൻട്രൽ ഹാളിൽ നാളെ നടക്കും. സമ്മേളനത്തിൽ ഏത് വിഷയവും ചർച്ച ചെയ്യാൻ സർക്കാർ സന്നദ്ധമെന്ന് പാർലമെൻററികാര്യ മന്ത്രി കിരൺ റിജിജു പറഞ്ഞു. ഇരു സഭകളുടെയും സുഗമമായ നടത്തിപ്പിന് പ്രതിപക്ഷ പാർട്ടികൾ സഹകരിക്കണമെന്നും അദ്ദേഹം ഇന്നലെ ചേർന്ന സർവകക്ഷി യോഗത്തിൽ ആവശ്യപ്പെട്ടു.

(വോയിസ്)

**&&&&&&&&&&&&&&&**

## LS SPEAKER - INTERVIEW (INTRO)

സഭാ മര്യാദ ഉന്നത നിലവാരത്തോടെ പാലിക്കാൻ ലോക്സഭാ അംഗങ്ങളോട് സ്പീക്കർ ഓം ബിർള. പാർലമെന്റിന്റെ ശൈത്യകാല സമ്മേളനം ഇന്ന് ആരംഭിക്കുന്നതിന് മുന്നോടിയായാണ് സ്പീക്കറുടെ പരാമർശം. ആകാശവാണിക്ക് നൽകിയ പ്രത്യേക അഭിമുഖത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(വോയിസ്)

ഭരണഘടനാ നിർമ്മാണ സഭയുടെ പ്രവർത്തനങ്ങളിൽ നിന്ന് പ്രചോദനം നേടാനും, സൃഷ്ടിപരമായ ചർച്ചകളുടെ ഭാഗമാകാനും അദ്ദേഹം ആഹ്വനം ചെയ്തു.

&&&&&&&&&&&&&&&

## PRIYANKA – OATH

വയനാട് ലോക്സഭാ മണ്ഡലത്തിൽ നിന്നും വിജയിച്ച നിയുക്ത എം പി പ്രിയങ്കാ ഗാന്ധിയുടെ സത്യപ്രതിജ്ഞ ഇന്ന് നടക്കും. ശീതകാല സമ്മേളനം ആരംഭിക്കുന്നതിനോടൊപ്പമാണ് പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞ നടക്കുക.

&&&&&&&&&&&&&&&

## PM - COOPERATIVE CONFERENCE

ഐ സി എ ഗ്ലോബൽ കോഓപ്പറേറ്റീവ് കോൺഫറൻസ് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉദ്ഘാടനം ചെയ്യും. അന്താരാഷ്ട്ര സഹകരണ സഖ്യം ഐ സി എ യുടെ നേതൃത്വത്തിൽ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിലാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഇത് ആദ്യമായാണ് ആഗോള സഹകരണ കോൺഫറൻസ് ഇന്ത്യയിൽ നടത്തുന്നത്. 2025 അന്താരാഷ്ട്ര സഹകരണപ്രസ്ഥാന വർഷമായി ആചരിക്കുന്നതിന് മുന്നോടിയായുള്ള സ്മാരക സ്റ്റാമ്പും പ്രധാനമന്ത്രി പുറത്തിറക്കും.

&&&&&&&&&&&&&&&

## VIKASIT BHARAT

ദേശീയ യുവജനോത്സവത്തിന്റെ ഭാഗമായി കേന്ദ്ര യുവജനകാര്യ മന്ത്രാലയം സംഘടിപ്പിക്കുന്ന വികസിത് ഭാരത് യുവ നേതൃ സംഗമത്തിനായുള്ള രജിസ്ട്രേഷൻ ഇന്ന് ആരംഭിക്കും. 15 മുതൽ 29 വയസ്സുവരെ പ്രായമുള്ള യുവതീ യുവാക്കൾക്കു മൈ ഭാരത് പ്ലാറ്റ്ഫോമിൽ അവതരിപ്പിക്കുന്ന ഡിജിറ്റൽ ക്വിസിൽ പങ്കെടുത്ത് തുടർ മൽസരങ്ങളിലേക്ക് യോഗ്യത നേടാം. യുവാക്കൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി നേരിട്ട് സംവദിക്കാനും ഇന്ത്യയുടെ ഭാവിയെക്കുറിച്ചുള്ള അവരുടെ ആശയങ്ങൾ അവതരിപ്പിക്കാനുമുള്ള അവസരം ലഭിക്കും.

&&&&&&&&&&&&&&&

## INTERNATIONAL DAY

ഇന്ന് സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള അന്താരാഷ്ട്ര ദിനം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ത്രീകൾ നേരിടുന്ന അതിക്രമങ്ങൾക്കെതിരെയുളള ബോധവത്കരണമാണ് ദിനാചരണം ലക്ഷ്യം വെക്കുന്നത്. 1960 ൽ ഡൊമിനിക്കൻ റിപ്പബ്ലിക്കിലെ രാഷ്ട്രീയ പ്രവർത്തകരായിരുന്ന മിറാബൽ സഹോദരിമാർ കൊലചെയ്യപ്പെട്ട ദിനമാണ് ഇന്ന്. 2000 മുതലാണ് യു എൻ, സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള ദിനമായി ഈ ദിവസം ആചരിച്ചു തുടങ്ങിയത്.

&&&&&&&&&&&&&&&

## AB KOI BAHANA NAHI - CAMPAIGN

സ്ത്രീകളോടുള്ള അതിക്രമങ്ങൾക്കെതിരായ, അന്താരാഷ്ട്ര ദിനം ആചരിക്കുന്ന പശ്ചാത്തലത്തിൽ ലിംഗാധിഷ്ഠിത അതിക്രമങ്ങൾക്കെതിരെ അവബോധം സൃഷ്ടിക്കാൻ കേന്ദ്ര സർക്കാർ പ്രത്യേക പ്രചാരണ പരിപാടിക്ക് ഇന്ന് തുടക്കമിടും. 'അബ് കോയി ബഹാന നഹി' എന്ന് പേരിട്ടിരിക്കുന്ന പരിപാടി കേന്ദ്ര വനിതാ ശിശുക്ഷേമ മന്ത്രാലയം, ഗ്രാമീണ വികസന മന്ത്രാലയം, യു എൻ വിമൺ എന്നിവരുടെ ആഭിമുഖ്യത്തിലാകും സംഘടിപ്പിക്കുക.

&&&&&&&&&&&&&&

## JHARKHAND-GOVT FORMATION

ജാർഖണ്ഡിൽ ഐ.എൻ.ഡി.ഐ മുന്നണി സർക്കാർ ഈ മാസം 28 ന് സത്യപ്രതിജ്ഞ ചെയ്യും. റാഞ്ചിയിൽ ഗവർണറെ കണ്ട് സർക്കാർ രുപീകരണത്തിന് അവകാശവാദം ഉന്നയിച്ച ശേഷം ജെ.എം.എം നേതാവ് ഹേമന്ത് സൊറേനാണ് ഇക്കാര്യം അറിയിച്ചത്. 56 നിയുക്ത എം എൽ എ മാരുടെ പിന്തുണകത്തും അദ്ദേഹം ഗവർണർക്ക് കൈമാറി. 81 അംഗ ജാർഖണ്ഡ് നിയമസഭ തിരഞ്ഞെടുപ്പിൽ ഐ.എൻ.ഡി.ഐ മുന്നണി 56 സീറ്റ് നേടിയിരുന്നു.

&&&&&&&&&&&&&&

## MAHARASHTRA GOVERNMENT FORMATION

മഹാരാഷ്ട്രയിൽ സർക്കാർ രൂപീകരണത്തിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. ബി ജെ പി സംസ്ഥാന അധ്യക്ഷൻ ചന്ദ്രശേഖർ ബവൻകുലെ, എൻ സി പി നേതാവ് അജിത്ത് പവാർ എന്നിവരുടെ അധ്യക്ഷതയിൽ അതത് പാർട്ടികളുടെ യോഗം ചേർന്നു. ശിവസേനയും നിയമസഭാ കക്ഷി യോഗം സംഘടിപ്പിച്ചു. 288 സീറ്റുകളുള്ള മഹാരാഷ്ട്രയിൽ 230 സീറ്റ് നേടിയാണ് ബി.ജെ.പി,

ശിവസേന, എൻ സി പി എന്നിവർ ഉൾപ്പെട്ട മഹായുതി സഖ്യം ഭരണത്തുടർച്ച ഉറപ്പാക്കിയത്.

&&&&&&&&&&&&&&&

## JAISHANKAR-ITALY VISIT

യൂറോപ്പിലെ നിർണായക സഖ്യകക്ഷിയാണ് ഇറ്റലിയെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ പറഞ്ഞു. ഇന്ത്യൻ എംബസിയുടെ റോമിലെ പുതിയ നയതന്ത്ര കാര്യാലയം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നിർദിഷ്ട ഇന്ത്യ-മിഡിൽ ഈസ്റ്റ്-യൂറോപ്പ് സാമ്പത്തിക ഇടനാഴി യൂറോപ്പിനും ഏഷ്യയ്ക്കും ഗുണകരമാവുമെന്നും ശ്രീ. ജയശങ്കർ പ്രത്യാശ പ്രകടിപ്പിച്ചു. മൂന്നു ദിവസത്തെ സന്ദർശനത്തിനായി ഇറ്റലിയിലെത്തിയ വിദേശകാര്യ മന്ത്രി ഫിഗ്ഗിയിൽ നടക്കുന്ന ജി-7 വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിലും, എം.ഇ.ഡി മെഡിറ്ററേനിയൻ ഡയലോഗിൻ്റെ പത്താം പതിപ്പിലും പങ്കെടുക്കും.

&&&&&&&&&&&&&&&

## PM ODISHA (INTRO)

രാജ്യത്തിന്റെ കിഴക്കൻ മേഖലയുടെ വികസനത്തിന് സർക്കാർ മുൻഗണന നൽകുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. കിഴക്കൻ മേഖല രാജ്യ വികസനത്തിന്റെ ചാലകശക്തിയാണെന്നാണ് താൻ കണക്കാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ ഒഡീഷ പർബ പരിപാടിയിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. (വോയിസ്)

ഒഡീഷയുടെ വികസനത്തിന് മുൻവർഷത്തെ അപേക്ഷിച്ച് 30 ശതമാനം അധികം ബജറ്റ് ഈ വർഷം അനുവദിച്ചിട്ടുണ്ടെന്നും മോദി കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&

## KERALA BANK- CM

കേരള ബാങ്കിന്റെ വാർഷികത്തോടനുബന്ധിച്ച് കർമ്മപദ്ധതി ഉദ്ഘാടനവും അവാർഡ് വിതരണവും മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് രാവിലെ കണ്ണൂരിൽ നിർവഹിക്കും. ഒരു വർഷം നീണ്ട കർമ്മപദ്ധതിക്കാണ് ബാങ്ക് തുടക്കം കുറിക്കുന്നത്.

&&&&&&&&&&&&&&

## COP29-AGREEMENT

അസർബൈജാനിലെ ബാക്കുവിൽ നടന്ന COP 29 കാലാവസ്ഥാ യോഗം വികസ്വര രാജ്യങ്ങൾക്കുള്ള കാലാവസ്ഥാ ധനസഹായം മൂന്നിരട്ടിയാക്കി, 300 ബില്യൺ ഡോളറാക്കാനുള്ള കരാർ അംഗീകരിച്ചു. എന്നാൽ തുകയെയും കരാർ സ്വീകരിച്ച രീതിയെയും ഇന്ത്യ ശക്തമായി എതിർത്തു. നിലവിലെ രൂപത്തിൽ ഇന്ത്യ ഈ നിർദ്ദേശം അംഗീകരിക്കുന്നില്ലെന്നും, സമാഹരിക്കാൻ ഉദ്ദേശിക്കുന്ന തുക വളരെ തുച്ഛമാണെന്നും ഇന്ത്യൻ പ്രതിനിധി ചാന്ദ്നി റെയ്ന പറഞ്ഞു.

&&&&&&&&&&&&&&

## CRICKET-IND VS. AUS

ഓസ്ട്രേലിയയ്ക്കെതിരായ ബോർഡർ ഗവാസ്കർ ട്രോഫി ക്രിക്കറ്റ് ടെസ്റ്റിൻറെ നാലാം ദിനമായ ഇന്ന് വിജയം ഉറപ്പിക്കാനാണ് ഇന്ത്യൻ സംഘം ഇറങ്ങുന്നത്. ഇന്ത്യൻ സമയം രാവിലെ 7:50 ന് മത്സരം ആരംഭിക്കും. പെർത്തിൽ നടക്കുന്ന ആദ്യ ടെസ്റ്റിന്റെ രണ്ടാം ഇന്നിങ്സിൽ 3 വിക്കറ്റിന് 12 എന്ന നിലയിലാണ് ഓസ്ട്രേലിയ. 7 വിക്കറ്റ് മാത്രം ശേഷിക്കേ ആതിഥേയർക്ക് ജയിക്കാൻ ഇനിയും 522 റൺസ് വേണം. മൂന്നാം ദിനം വൈകിട്ട് ഇന്ത്യൻ സംഘം ഓസീസ് ബാറ്റിംഗ് നിരയെ തകർത്തു.

&&&&&&&&&&&&&&

## IPL AUCTION

ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിന്റെ ചരിത്രത്തിലെ ഏറ്റവും വിലപിടിപ്പുള്ള കളിക്കാരായി റിഷഭ് പന്തും ശ്രേയസ് അയ്യരും. സൗദി അറേബ്യയിൽ നടക്കുന്ന ഐപിഎൽ മെഗാ ലേലത്തിന്റെ ആദ്യ ദിനത്തിൽ, വിക്കറ്റ് കീപ്പർ ബാറ്റ്സ്മാൻ ഋഷഭ് പന്തിനെ 27 കോടി രൂപയ്ക്ക് ലഖ്നൗ സൂപ്പർ ജയന്റ്സ് സ്വന്തമാക്കി. ഐപിഎൽ ജേതാവായ ക്യാപ്റ്റൻ ശ്രേയസ് അയ്യരെ 26.75 കോടി രൂപയ്ക്കും, സ്പിന്നർ യുസ്വേന്ദ്ര ചാഹലിനെ 18 കോടി രൂപയ്ക്കും പഞ്ചാബ് കിംഗ്സ് സ്വന്തമാക്കി. രണ്ടാംദിനമായ ഇന്ന് ലേലം പൂർത്തിയാകും.

&&&&&&&&&&&&&&&

## WORLD-CHESS

ലോക ചെസ് ചാമ്പ്യൻഷിപ്പിന് ഇന്ന് സിംഗപ്പൂരിൽ തുടക്കമാവും. ഇന്ത്യൻ താരം ഡി ഗുകേഷും ചൈനയുടെ ഡിങ് ലിറനുമാണ് ഏറ്റുമുട്ടുന്നത്. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 2.30ന് കളി തുടങ്ങും. ഡിസംബർ പതിനാല് വരെ നീണ്ടുനിൽക്കുന്ന കിരീടപ്പോരിൽ ആകെ 14 മത്സരങ്ങളാണുള്ളത്.

&&&&&&&&&&&&&&&

## FOOTBALL - ISL

ഐ.എസ്.എൽ ഫുട്ബോളിൽ ചെന്നൈയിൻ എഫ്സിയെ മറുപടിയില്ലാത്ത 3 ഗോളുകൾക്ക് പരാജയപ്പെടുത്തി കേരള ബ്ലാസ്റ്റേഴ്സ്. ഇതോടെ തുടർച്ചയായ മൂന്ന് മത്സരങ്ങളുടെ പരാജയത്തിന് കേരള ബ്ലാസ്റ്റേഴ്സ് വിരാമമിട്ടു. ഇന്നത്തെ മത്സരത്തിൽ ഹൈദരാബാദ് എഫ്.സി, ഒഡീഷ എഫ്.സിയെ നേരിടും. ഹൈദരാബാദിലെ ജി.എം.സി ബാലയോഗി അത്‌ലറ്റിക് സ്റ്റേഡിയത്തിൽ വൈകിട്ട് 7.30 നാണ് മത്സരം.

&&&&&&&&&&&&&&&

## SANTHOSH TROPHY

കേരളം സന്തോഷ് ട്രോഫി ഫൈനൽ റൗണ്ടിന് യോഗ്യത നേടി. പുതുച്ചേരിയെ എതിരില്ലാത്ത ഏഴ് ഗോളുകൾക്ക് പരാജയപ്പെടുത്തിയാണ് കേരളം ഫൈനൽ റൗണ്ട് യോഗ്യത ഉറപ്പാക്കിയത്.

&&&&&&&&&&&&&&&&&&&&&&&
&&&